# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ**: 0466 2212279 **ഇമെയിൽ**: kvkpalakkad@kau.in


# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 57/2021 (ചൊവ്വാഴ്ച)** **തീയതി: 20.07.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 21.07.2021 | 22.07.2021 | 23.07.2021 | 24.07.2021 | 25.07.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 7 | 11 | 18 | 20 | 12 |
| ഉയർന്ന താപനില (°C) | 29 | 29 | 28 | 28 | 28 |
| കുറഞ്ഞ താപനില (°C) | 25 | 25 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 12 | 12 | 12 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 250 | 270 | 250 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 8 | 8 | 8 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 29°C വരെയും കുറഞ്ഞ താപനില 24°C വരെയും പ്രതീക്ഷിക്കുന്നു

**പൊതു നിർദ്ദേശങ്ങൾ**:വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ചാലുകൾ കീറി നീർവാർച്ച സൗകര്യങ്ങൾ ഒരുക്കുക .താങ്ങ് നൽകേണ്ട വിളകൾക്ക് ആവശ്യമായ താങ്ങുകൾ നൽകുക .മഴ മറകളിലും പോളിഹൗസുകളിലുമുള്ള അമിത ജലാംശം രോഗ സാധ്യത കൂട്ടുന്നതിനാൽ നിയന്ത്രിതമായ അളവിൽ നന തുടരുന്നതാണ് ഉചിതം.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം | ഞാറ്റടിയിൽ ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം കാണാൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 20 ഗ്രാം പച്ചച്ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഞാറു പറിച്ചു നടുമ്പോൾ ഞാറുകൾ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയ ലായനിയിൽ മുക്കി വച്ച ശേഷം നടുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക.. |

| | | |
|---|---|---|
| ഇഞ്ചി | മൂട് ചീയൽ രോഗം | ഇഞ്ചിയുടെ തണ്ടിൽ ,മണ്ണിനോട് ചേർന്ന ഭാഗത്തു വെള്ളത്തിൽ കുതിർന്നതുപോലെയുള്ള ലക്ഷണം കാണാം .ആ ഭാഗം പിന്നീട് ചീഞ്ഞു പോവുകയും ഇതിന്റെ ഫലമായി ഇഞ്ചിയുടെ ചിനപ്പുകൾ ചിനപ്പുകൾ ചീഞ്ഞു പോകുന്നു.<br><br>രോഗബാധ കൂടുതലായും കണ്ടുവരുന്ന സ്ഥലങ്ങളിൽ കോപ്പർ ഓക്സി ക്ലോറൈഡ് 50 WP (2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് 50 WP (1 .5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ) അല്ലെങ്കിൽ ബോർഡോ മിശ്രിതം (ഒരു ശതമാനം വീര്യം )മെയ് -ജൂൺ മാസങ്ങളിലും ഓഗസ്റ് -സെപ്റ്റംബർ മാസങ്ങളിലും തളിക്കണം .മഴക്കാലം നീണ്ടു നിന്നാൽ ഒക്ടോബര് -നവംബർ മാസങ്ങളിൽ ഒരു തവണകൂടി തളിക്കണം . |
| കരുമുളക് | ദ്രുതവാട്ടം | ദ്രുതവാട്ടം തടയുന്നതിനായി ചാണകവും വേപ്പിൻ പിണ്ണാക്കും ചേർന്ന മിശ്രിതത്തിൽ വളർത്തിയെടുത്ത ട്രൈക്കോഡർമ ഒരു മൂടിന് 5 kg എന്ന കണക്കിൽ തടത്തിൽ ഇട്ടു കൊടുക്കുക. |
| കോഴി | | മഴക്കാലത്തു താരതമ്യേന പകൽ വെളിച്ചം കുറവായതുകൊണ്ട് മുട്ട കോഴികളിൽ മുട്ട ഉത്പാദനം കുറയാൻ സാധ്യതയുണ്ട്. ആയതിനാൽ, വെളിച്ചത്തിനായിഫ്ലൂറസെൻറ്ലൈറ്റുകൾഇട്ടുദിവസവും 16 മണിക്കൂർ എന്ന തോതിൽ വെളിച്ചം നൽകണം.<br><br>മഴയേൽക്കാതിരിക്കാൻ പ്ലാസ്റ്റിക് കവറുകൊണ്ട് ബ്രോയിലർ ഫാമുകൾ അടച്ചുവച്ചിട്ടുണ്ടെങ്കിൽ കൃത്യമായ വായു സഞ്ചാരം ഉണ്ടാകാൻ അത് ഇടയ്ക്കിടയ്ക്ക് മാറ്റുകയോ അല്ലെങ്കിൽ എക്സ് ഹോസ്റ്റ് ഫാൻ വച്ച് കൊടുക്കുകയോ വേണം .അല്ലെങ്കിൽ പലതരം രോഗങ്ങൾ പിടിപെടാനും ഇതുമൂലം മരണത്തിനും കാരണമാകും. |